ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

## പ്രാദേശിക വാർത്തകൾ

**DATE: 16.11.2025** **TIME : 06.30 PM**

## പ്രധാന വാർത്തകൾ

1. ജനാധിപത്യത്തിൽ പത്ര മാധ്യമങ്ങൾക്ക് സുപ്രധാന പങ്കുണ്ടെന്ന് കേന്ദ്ര വാർത്താ വിതരണ പ്രക്ഷേപണ മന്ത്രി അശ്വിനി വൈഷ്ണവ്.
2. സംസ്ഥാനത്ത് തദ്ദേശ തിരഞ്ഞെടുപ്പിനുള്ള പ്രവർത്തനങ്ങൾ ഊർജ്ജിതം. പ്രചാരണത്തിനുള്ള പെരുമാറ്റച്ചട്ടം കർശനമാക്കി സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ.
3. നാളെ ലോക ഗർഭാശയ ഗള കാൻസർ നിർമ്മാർജന ദിനം. ആരോഗ്യ കേന്ദ്രങ്ങളിലെ കാൻസർ പരിശോധനാ സൗകര്യം പ്രയോജനപ്പെടുത്തണമെന്ന് മന്ത്രി വീണാ ജോർജ്.
4. മണ്ഡല മകരവിളക്ക് തീർത്ഥാടനത്തിനായി ശബരിമല ക്ഷേത്ര നട തുറന്നു.
5. പാലക്കാട് കല്പാത്തിയിൽ ദേവരഥ സംഗമം ദർശിക്കാൻ അഗ്രഹാര വീഥികളിൽ ജനത്തിരക്ക്.
6. സംസ്ഥാനത്ത് ഒറ്റപ്പെട്ട ശക്തമായ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്; നാളെ ആറ് ജില്ലകളിൽ മഞ്ഞ ജാഗ്രത.

&&&&&&&&&&&&&&

## ദേശീയ പത്ര മാധ്യമ ദിനം

ദേശീയ പത്ര മാധ്യമ ദിനത്തോട് അനുബന്ധിച്ച് ഇന്ന് ന്യൂഡൽഹിയിൽ സംഘടിപ്പിച്ച പരിപാടിയിൽ കേന്ദ്ര വാർത്താ വിതരണ പ്രക്ഷേപണ മന്ത്രി അശ്വിനി വൈഷ്ണവും സഹമന്ത്രി എൽ. മുരുകനും പങ്കെടുത്തു. പ്രസ് കൗൺസിൽ ഓഫ് ഇന്ത്യ ചെയർപേഴ്സൺ ജസ്റ്റിസ് രഞ്ജന പ്രകാശ് ദേശായി ചടങ്ങിൽ സന്നിഹിതയായിരുന്നു. ജനാധിപത്യത്തിൽ പത്ര മാധ്യമങ്ങൾക്ക് സുപ്രധാന പങ്കുണ്ടെന്ന് ശ്രീ വൈഷ്ണവ് പറഞ്ഞു. 1966- നവംബർ 16 ന് പ്രസ് കൗൺസിൽ ഓഫ് ഇന്ത്യ നിലവിൽ വന്നതിൻറെ സ്മരണയിലാണ് ദിനാചരണം സംഘടിപ്പിക്കുന്നത്.

&&&&&&&&&&&&&&

## തദ്ദേശ തിരഞ്ഞെടുപ്പ്

സംസ്ഥാനത്ത് തദ്ദേശ തിരഞ്ഞെടുപ്പിനുള്ള നാമ നിർദേശ പത്രിക സമർപ്പണം പുരോഗമിക്കുന്നു. ഈ മാസം 21 വരെയാണ് പത്രികാ നൽകാനാവുക. 1,199 തദ്ദേശ സ്ഥാപനങ്ങളിലെ 23,576 വാർഡുകളിലേക്ക് അടുത്ത മാസം 9, 11 തീയതികളിൽ രണ്ട് ഘട്ടങ്ങളായാണ് വോട്ടെടുപ്പ്. വോട്ടെണ്ണൽ 13 ന് നടക്കും.

&&&&&&&&&&&&&&

## പെരുമാറ്റച്ചട്ടം

തദ്ദേശ തെരഞ്ഞെടുപ്പിന്റെ പശ്ചാത്തലത്തിൽ സ്ഥാനാർത്ഥികൾക്കും രാഷ്ട്രീയ പാർട്ടികൾക്കും പെരുമാറ്റച്ചട്ടം കർശനമാക്കി സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷൻ. മതം, വംശം, ജാതി, സമുദായം, തുടങ്ങിയവയുടെ പേരിൽ സംഘർഷമോ ഭിന്നതയോ ഉണ്ടാക്കുകയോ വോട്ട് ചോദിക്കുകയോ ചെയ്യരുത്. വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ മൈതാനം രാഷ്ട്രീയ പ്രചാരണങ്ങൾക്കോ റാലികൾക്കോ ഉപയോഗിക്കരുത്. പൊതുയോഗങ്ങളുടെ സ്ഥലവും സമയവും മുൻകൂട്ടി പോലീസിനെ അറിയിക്കണം.

&&&&&&&&&&&&&&

<u>വോട്ടർപട്ടിക</u>

സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷൻ പുറത്തുവിട്ട ഏറ്റവും പുതിയ കണക്കുകൾ പ്രകാരം സംസ്ഥാനത്ത് ആകെയുള്ളത് 2 കോടി 86 ലക്ഷത്തി 62,712 വോട്ടർമാർ. ഒരു കോടി 51 ലക്ഷത്തിലധികം വനിതാ വോട്ടർമാരും ഒരു കോടി 35 ലക്ഷത്തിലധികം പുരുഷ വോട്ടർമാരും 289 ട്രാൻസ് ജൻഡർ വോട്ടർമാരും സംസ്ഥാനത്തുണ്ട്. പ്രവാസി വോട്ടർപട്ടികയിൽ 3745 വോട്ടർമാരാണുള്ളത്. ഒക്ടോബർ 25 ന് പ്രസിദ്ധീകരിച്ച പട്ടികയിലെ വോട്ടർമാരുൾപ്പെടെയുള്ള കണക്കാണിത്.

&&&&&&&&&&&&&&

<u>തിരഞ്ഞെടുപ്പ് - കർശന നിരീക്ഷണം</u>

തദ്ദേശ തിരഞ്ഞെടുപ്പിൽ നിർമ്മിത ബുദ്ധി ഉപയോഗിച്ചുള്ള പ്രചാരണങ്ങൾക്ക് കർശന നിരീക്ഷണം ഏർപ്പെടുത്തിയതായി സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ എ ഷാജഹാൻ. ആധുനിക സാങ്കേതിക വിദ്യകളിലൂടെ തെറ്റായ വിവരങ്ങൾ നിർമ്മിക്കുന്നതും തിരഞ്ഞെടുപ്പ് പ്രചാരണങ്ങളിൽ ഉപയോഗിക്കുന്നതിനുമെതിരെ ശക്തമായ നടപടികളുണ്ടാവും. പ്രചാരണത്തിൻറെ വിശ്വാസ്യത ഉറപ്പാക്കാൻ എല്ലാ സ്ഥാനാർത്ഥികളും രാഷ്ട്രീയ പാർട്ടികളും ശ്രദ്ധിക്കണമെന്നും തിരഞ്ഞെടുപ്പ് കമ്മീഷണർ പറഞ്ഞു.

&&&&&&&&&&&&&&

<u>കണ്ണൂർ -തിരഞ്ഞെടുപ്പ് (ഇൻട്രോ)</u>

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്കുള്ള തിരഞ്ഞെടുപ്പിൽ കണ്ണൂർ ജില്ലയിൽ മൂന്ന് മുന്നണികളുടെയും സ്ഥാനാർത്ഥി കളെ പ്രഖ്യാപിക്കുന്ന നടപടികൾ അവസാന ഘട്ടത്തിൽ. മട്ടന്നൂർ നഗരസഭ ഒഴികെ കണ്ണൂർ കോർപ്പറേഷനിലും ജില്ലാ പഞ്ചായത്തിലും 8 നഗരസഭകളിലും 11 ബ്ലോക്ക് പഞ്ചായത്തുകളിലും 71

ഗ്രാമപഞ്ചായത്തുകളിലുമാണ് ജില്ലയിൽ തെരഞ്ഞെടുപ്പ് നടക്കുന്നത്.

**വിശദാംശങ്ങളുമായി ആകാശവാണി കണ്ണൂർ ജില്ലാ പ്രതിനിധി കെ ഒ ശശിധരൻ ..**

**(വോയിസ്)**

**&&&&&&&&&&&&&&**

**<u>ഗർഭാശയഗള കാൻസർ നിർമ്മാർജന ദിനം</u>**

നാളെ ലോക ഗർഭാശയ ഗള കാൻസർ നിർമ്മാർജന ദിനം. ഗർഭാശയഗള കാൻസർ നേരത്തെ കണ്ടെത്തി ചികിൽസിക്കുന്നതിന്റെ പ്രാധാന്യം ജനങ്ങളിലെത്തിക്കുകയാണ് ദിനാചരണത്തിന്റെ ലക്ഷ്യം. എല്ലാ ആരോഗ്യ കേന്ദ്രങ്ങളിലും നിശ്ചിത ദിവസങ്ങളിൽ കാൻസർ പരിശോധനാ സൗകര്യം ലഭ്യമാണെന്നും ഈ രോഗനിർണയ സൗകര്യങ്ങൾ എല്ലാവരും ഉപയോഗപ്പെടുത്തണമെന്നും ആരോഗ്യ മന്ത്രി വീണാ ജോർജ് അഭ്യർത്ഥിച്ചു.

**&&&&&&&&&&&&&&**

**<u>ശബരിമല (ഇൻട്രോ)</u>**

മണ്ഡല മകരവിളക്ക് തീർത്ഥാടനത്തിനായി ശബരിമല ക്ഷേത്ര നട തുറന്നു. വൃശ്ചികം ഒന്നായ നാളെ മുതൽ രാവിലെ മൂന്നിനു നടതുറന്ന് ഉച്ചക്ക് ഒന്നുവരെയും, ഉച്ചയ്ക്ക് ശേഷം മൂന്നുമുതൽ രാത്രി 11 വരെയുമാണ് ദർശന സമയം. മണ്ഡലകാല തീർത്ഥാടനത്തോട് അനുബന്ധിച്ച് തിരുവിതാംകൂർ ദേവസ്വം ബോർഡ് പ്രസിഡൻറ് കെ.ജയകുമാർ ഉൾപ്പെടെയുള്ളവർ സന്നിധാനത്തുണ്ട്.

**കൂടുതൽ വിവരങ്ങളുമായി ആകാശവാണി പത്തനംതിട്ട ജില്ലാ പ്രതിനിധി ശ്രീജി എസ് ശ്രീധർ....**

( വോയിസ്....)

**&&&&&&&&&&&&&&**

**സത്രം കാനന പാത**

സത്രം കാനന പാതയിലൂടെ എത്തുന്ന അയ്യപ്പ ഭക്തരുടെ യാത്ര സുഗമമാക്കാൻ മികച്ച സുരക്ഷാ ക്രമീകരണങ്ങൾ ഏർപ്പെടുത്തുമെന്ന് ഇടുക്കി ജില്ലാ കളക്ടർ. സത്രം പുല്ലുമേട് കാനന പാതയിലെ മുന്നൊരുക്കങ്ങൾ കളക്ടർ വിലയിരുത്തി. നാളെ മുതൽ തീർത്ഥാടകരെ കാനന പാതയിലൂടെ കടത്തി വിടും. രാത്രിയിൽ കാനനപാത വഴി സന്നിധാനത്തേക്കുള്ള യാത്ര അനുവദിക്കില്ലെന്നും ജില്ലാ കളക്ടർ അറിയിച്ചു.

&&&&&&&&&&&&&&

**കല്പാത്തി**

പാലക്കാട് കല്പാത്തിയിൽ ദേവരഥ സംഗമം ദർശിക്കാൻ അഗ്രഹാര വീഥികളിൽ ജനത്തിരക്ക്. വിശാലാക്ഷി സമേത വിശ്വനാഥ സ്വാമി ക്ഷേത്രത്തിനടുത്തുള്ള തേരുമുട്ടിയിലാണ് ആറ് രഥങ്ങൾ മുഖാമുഖമെത്തുന്നത്. രഥ സംഗമത്തിന് ശേഷം തേരുകൾ അതാത് ക്ഷേത്രങ്ങളിൽ തിരിച്ചെത്തി രഥാവരോഹണം നടക്കുന്നതോടെയാണ് ഉത്സവത്തിന് സമാപനമാകുന്നത്.

&&&&&&&&&&&&&&

**ഉപരാഷ്ട്രപതി**

രാജ്യത്ത് നടക്കുന്ന ക്രിയാത്മകവും ശുഭപ്രതീക്ഷ നൽകുന്നതുമായ സംഭവങ്ങൾ ഉയർത്തിക്കാട്ടുന്നതിൽ മാധ്യമങ്ങൾ നിർണായക പങ്ക് വഹിക്കുന്നതായി ഉപരാഷ്ട്രപതി സി പി രാധാകൃഷ്ണൻ. ന്യൂഡൽഹിയിൽ ഒരു സ്വകാര്യ മാധ്യമത്തിന്റെ ന്യൂസ് മേക്കർ പുരസ്കാര ദാന ചടങ്ങിൽ പങ്കെടുക്കുകയായിരുന്നു അദ്ദേഹം. കേന്ദ്ര സഹമന്ത്രി സുരേഷ് ഗോപിക്ക് ഉപരാഷ്ട്രപതി പുരസ്കാരം സമ്മാനിച്ചു.

&&&&&&&&&&&&&&

**കണ്ണൂർ ബിഎൽഒ മരണം**

കണ്ണൂർ പയ്യന്നൂരിനടുത്ത് ഏറ്റുകുടുക്കയിൽ സ്കൂൾ ജീവനക്കാരനെ മരിച്ച നിലയിൽ കണ്ടെത്തി. രാമന്തളി കുന്നരു യു.പി സ്കൂൾ ജീവനക്കാരനായ അനീഷ് ജോർജ് ആണ് മരിച്ചത്. പയ്യന്നൂർ നഗരസഭയിലെ പതിനെട്ടാം വാർഡിലെ ബൂത്തിൽ എസ്.ഐ.ആർ ചുമതലയുള്ള ബിഎൽഒ ആണ് അനീഷ്. എസ്.ഐ.ആറുമായി ബന്ധപ്പെട്ട ജോലി സമ്മർദ്ദമാണ് മരണകാരണമെന്ന ബന്ധുക്കളുടെ പരാതിയിൽ പോലീസ് അന്വേഷണം ആരംഭിച്ചു. സംഭവത്തിൽ തിരഞ്ഞെടുപ്പ് കമ്മീഷൻ ജില്ലാ കളക്ടറോട് റിപ്പോർട്ട് തേടിയതായാണ് വിവരം.

**&&&&&&&&&&&&&&**

**ബിഎൽഒ പ്രതിഷേധം**

കണ്ണൂരിൽ ബി എൽ ഒ മരിച്ച സംഭവത്തിൽ എൻജിഒ യൂണിയനും ജോയിൻ്റ് കൗൺസിലും അധ്യാപക സംഘടനകളും പ്രതിഷേധത്തിലേക്ക്. നാളെ ബി എൽ ഒ മാർ ജോലി ബഹിഷ്കരിക്കുമെന്ന് സംഘടനകൾ അറിയിച്ചു. ചീഫ് ഇലക്ട്രൽ ഓഫീസിലേക്കും കലക്ട്രേറ്റുകളിലേക്കും നാളെ പ്രതിഷേധ മാർച്ച് സംഘടിപ്പിക്കും.

**&&&&&&&&&&&&&&**

**ഇടുക്കി -കൂർക്ക(ഇൻട്രോ)**

ഇടുക്കി മറയൂർ മലനിരകളിൽ ആവേശമായി കാട്ട് കൂർക്കയുടെ വിളവെടുപ്പ് കാലം. മലമുകളിലെ ഉന്നതികളിൽ താമസിക്കുന്ന ഗോത്ര സമൂഹത്തിൻ്റെ പ്രധാന വരുമാന മാർഗമാണ് കാട്ട് കൂർക്ക കൃഷി. ഒക്ടോബർ പകുതിയോടെ ആരംഭിച്ച വിളവെടുപ്പ് 2026 ഫെബ്രുവരി വരെ നീണ്ട് നിൽക്കും.

**ആകാശവാണി ഇടുക്കി ജില്ലാ പ്രതിനിധി രതീഷ് കൃഷ്ണ തയ്യാറാക്കിയ റിപ്പോർട്ട്.........**

**(വോയിസ്)**

**&&&&&&&&&&&&&&**

<u>മഴ - സംസ്ഥാനം</u>

സംസ്ഥാനത്ത് ഒറ്റപ്പെട്ട ശക്തമായ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്; കോട്ടയം, ഇടുക്കി ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രത. നാളെ തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, ഇടുക്കി ജില്ലകളിൽ മഞ്ഞ ജാഗ്രത നൽകിയിട്ടുണ്ട്. കള്ളക്കടൽ പ്രതിഭാസത്തിൻറെ ഭാഗമായി ഇന്ന് രാത്രി 08.30 വരെ തിരുവനന്തപുരം കാപ്പിൽ മുതൽ പൊഴിയൂർ വരെ കടലാക്രമണത്തിന് സാധ്യത.

**&&&&&&&&&&&&&&**

**&&&&&&&&**

**&&&**